## പയ്യന്നൂർ മണ്ഡലത്തിലെ ഇന്ദിരാ ആവാസ് യോജന പദ്ധതി

134 [2744] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജന പ്രകാരം ഭവന നിർമ്മാണ പദ്ധതിക്കായി സംസ്ഥാനത്തിന് എത്ര തുക കേന്ദ്രധനസഹായമായി ലഭിക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുപ്രകാരം ഓരോ ജില്ലയ്ക്കും എത്ര തുക അനുവദിച്ചു നൽകുകയുണ്ടായെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ ജില്ലയിലും എത്ര വീതം ഗുണഭോക്താക്കൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന ജനവിഭാഗങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ;

(ഇ) ഇതുപ്രകാരം പയ്യന്നൂർ നിയോജക മണ്ഡലത്തിൽ എത്ര ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷം ഒന്നാം ഗഡുവായി 2562.71 ലക്ഷം രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്.

(ബി) ഓരോ ജില്ലയ്ക്കും അനുവദിച്ചു നൽകിയ തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(സി) നടപ്പ് സാമ്പത്തിക വർഷത്തെ ജില്ലതിരിച്ചുള്ള ഭൗതിക ലക്ഷ്യം കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൽനിന്നും ലഭിച്ചിട്ടില്ല.

(ഡി) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ട മുൻഗണനാ ക്രമം താഴെ പറയും പ്രകാരമാണ്:

(i) അടിമ വേലയിൽനിന്ന് മോചിപ്പിക്കപ്പെട്ടവർ

(ii) പട്ടികജാതി/പട്ടിക വർഗ്ഗ കുടുംബങ്ങൾ അതിക്രമത്തിന് വിധേയരായ പട്ടിക ജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ, വിധവകൾ, അവിവാഹിതരായ സ്ത്രീകൾ എന്നിവർ കുടുംബനാഥകളായ പട്ടിക ജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ, വെള്ളപ്പൊക്കം, ഭൂചലനം, കൊടുങ്കാറ്റ് എന്നിങ്ങനെയുള്ള പ്രകൃതിക്ഷോഭ ബാധിതരോ, ലഹളകൾ പോലുള്ള മനുഷ്യ ജന്മിതമായ അത്യാഹിത ബാധിതരോ ആയ പട്ടികജാതി/പട്ടിക വർഗ്ഗ കുടുംബങ്ങൾ, ഇതര പട്ടികജാതി/പട്ടിക വർഗ്ഗ കുടുംബങ്ങൾ

(iii) കൊല്ലപ്പെട്ട സൈന്യത്തിലെ/അർദ്ധ സൈന്യത്തിലെ അംഗങ്ങളുടെ കുടുംബങ്ങൾ/വിധവകൾ

(iv) പട്ടിക ജാതി/പട്ടികവർഗ്ഗക്കാരല്ലാത്ത ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ

(v) വികലാംഗരും ബുദ്ധിമാന്ദ്യമുള്ളവരും

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly